**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2445.         19.07.2016 ൽ മറുപടിയ്ക്ക്.**

**ഇരുചക്ര വാഹനയാത്രക്കാരുടെ സുരക്ഷ**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇരുചക്ര വാഹനങ്ങൾ കൂടുതലും ഉപയോഗിക്കുന്നത് സമൂഹത്തിലെ സാധാരണക്കാരാണെന്ന കാര്യം സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇരുചക്ര വാഹനയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന പുതിയ തീരുമാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | ഇരുചക്രവാഹന യാത്രക്കാർ അപകടത്തിൽപ്പെട്ട് മരണപ്പെടുന്നത് ഹെൽമറ്റ് ഉപയോഗിക്കാത്ത സാഹചര്യത്തിലാണ്. ആയതിനാൽ ഹെൽമെറ്റ് നിർബന്ധമായും ഉപയോഗിക്കുന്നതിനു വേണ്ടി വ്യാപകമായ രീതിയിൽ ബോധവൽക്കരണ പരിപാടികളും ഇരുചക്രവാഹനങ്ങളുടെ ചെക്കിംഗുകളും മോട്ടോർ വാഹന വകുപ്പ് നടത്തുന്നതാണ്. സംസ്ഥാന പോലീസ് വകുപ്പും ഇത്തരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 100% ഇരു ചക്രവാഹന യാത്രക്കാരും ഹെൽമെറ്റ് ഉപയോഗി- |

| | | | |
|---|---|---|---|
| | | | ക്കുന്നത് ഉറപ്പു വരുത്താനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. ഇത് വാഹന ഉപഭോക്താക്കൾക്ക് കൂടുതൽ ബുദ്ധിമുട്ടില്ലാത്ത രൂപത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിരീക്ഷണ ക്യാമറകളും മറ്റ് ആധുനിക സാങ്കേതിക വിദ്യയും ഉപയോഗിച്ചുകൊണ്ട് നിരന്തരമായി ഇരുചക്രവാഹനങ്ങളെ നിരീക്ഷിച്ചുകൊണ്ടും നിയമലംഘനങ്ങൾ കണ്ടെത്തിക്കൊണ്ടും പിഴ ചുമത്തിക്കൊണ്ടും കൂടാതെ ബോധവൽക്കരണത്തിൽ കൂടിയും പരമാവധി ഇരുചക്ര വാഹനയാത്രക്കാരെ ഹെൽമെറ്റ് ധരിപ്പിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. |
| (സി) | പതിനെട്ട് വയസ്സിനു താഴെയുള്ള കുട്ടികൾ ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നത് നിയന്ത്രിക്കുന്നതിന് കർശന നിയമ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; | (സി) | അതിവേഗ ബൈക്കുകൾ സൃഷ്ടിക്കുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പ് സത്വര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രായ പൂർത്തിയാവാത്ത കുട്ടികൾ സ്കൂളിൽ പോകുന്നതിനും, മറ്റ് ആവശ്യങ്ങൾക്കും,ഇരുചക്ര വാഹനങ്ങൾ സംസ്ഥാന വ്യാപകമായി ഉപയോഗിക്കുന്നതായും ഇതുമൂലം ഗുരുതരമായ അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടതിനാൽ മോട്ടോർവാഹന വകുപ്പ് കർശനമായ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ച് വരുന്നുണ്ട്. പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥികൾ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ ഓടിക്കുന്നില്ല എന്ന് ഉറപ്പാക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ബോധവൽക്കരണമാണ് ഇത് തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം. ഇതിലേക്കായി രക്ഷാകർത്താക്കൾ, സ്കൂൾ അധികൃതർ, അദ്ധ്യാപക - രക്ഷാകർതൃ സമിതി എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന ആവശ്യമായ ബോധവത്കരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്കൂൾ അധികൃതർക്കും ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധനാ സമയത്ത് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാറുണ്ട്. ഹെൽമെറ്റ് പരിശോധന കർശനമാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പതിനെട്ട് വയസ്സിനു താഴെയുള്ള കുട്ടികൾ ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇരുചക്രവാഹനം കസ്റ്റഡിയിലെടുത്ത് വാഹന ഉടമയെ അറിയിക്കുകയും ടിയാനെതിരെ നിയമ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പൊതുജനങ്ങൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ നിയമം നടപ്പാക്കാൻ തയ്യാറാകുമോ; | (ഡി) | പൊതുജനങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ നിലവിലുള്ള വാഹന നിയമങ്ങൾ കർശനമായി നടപ്പിലാക്കി വരുന്നു. |
| (ഇ) | കഴിഞ്ഞ 5 വർഷക്കാലം കേരളത്തിൽ ഇരുചക്ര വാഹന അപകടത്തിൽ പെട്ടവർ എത്രപേരെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഇ) | അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം I) |

സെക്ഷൻ ഓഫീസർ.

(അനുബന്ധം I)

| ജില്ല | ഇരുചക്രവാഹന അപകടത്തിൽപ്പെട്ടവർ |
|---|---|
| തിരുവനന്തപുരം സിറ്റി | 7532 |
| തിരുവനന്തപുരം റൂറൽ | 7472 |
| കൊല്ലം സിറ്റി | 4537 |
| കൊല്ലം റൂറൽ | 2974 |
| പത്തനംതിട്ട | 3568 |
| ആലപ്പുഴ | 7746 |
| കോട്ടയം | 6109 |
| ഇടുക്കി | 1883 |
| എറണാകുളം സിറ്റി | 7039 |
| എറണാകുളം റൂറൽ | 10532 |
| തൃശ്ശൂർ സിറ്റി | 4053 |
| തൃശ്ശൂർ റൂറൽ | 6282 |
| പാലക്കാട് | 4753 |
| മലപ്പുറം | 4727 |
| കോഴിക്കോട് സിറ്റി | 4316 |
| കോഴിക്കോട് റൂറൽ | 3490 |
| വയനാട് | 1214 |
| കണ്ണൂർ | 4499 |
| കാസർഗോഡ് | 2110 |

Section Officer